**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2399** **23-02-2026-ൽ മറുപടിയ്ക്ക്**

**കോങ്ങാട് പത്തിരിപ്പാല ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണ പുരോഗതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീമതി. ശാന്തകുമാരി കെ. ശ്രീ. വി. ഡി. സതീശൻ

ശ്രീമതി. ശാന്തകുമാരി കെ. (മുഖ്യമന്ത്രി)

**(എ)** കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പത്തിരിപ്പാല ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

**മറുപടി:** 28-04-2018-ലെ G.O (Rt) No.847/2018/H.Edn, 19-06-2019-ലെ G.O (Ms) No.173/2019/H.Edn, 06-07-2019-ലെ G.O (Rt) No.1155/2019/H.Edn, 30-08-2019-ലെ G.O (Ms) No.304/2019/H.Edn, 20-02-2020-ലെ G.O (Rt) No. 310/2020/H.Edn എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം പത്തിരിപ്പാല ഗവ.ആർട്സ് ആൻഡ് സയൻസ് കോളേജിൽ അക്കാഡമിക് ബ്ലോക്ക്, കാന്റീൻ ബ്ലോക്ക് എന്നിവ നിർമ്മിക്കുന്നതിന് കിറ്റ്കോ സമർപ്പിച്ച ഡി.പി.ആർ പരിശോധിച്ച ശേഷം 30-10-2020-ലെ ഉത്തരവ് പ്രകാരം 10,15,53,109/- രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. തുടർന്ന്, 30-03-2023-ലെ ഉത്തരവ് പ്രകാരം 13,56,28,769/- രൂപയുടെ പുതുക്കിയ ധനാനുമതിയും നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണ ഏജൻസി (എസ്.പി.വി) ആയ കിറ്റ്കോ ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമാക്കി വർക്ക് ടെൻഡർ ചെയ്യുകയും യോഗ്യമാണെന്ന് കണ്ടെത്തിയ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് വർക്ക് അവാർഡ് ചെയ്യുകയും ചെയ്തു. ആയതിന് ഒരു വർഷത്തിനു ശേഷവും കരാറിൽ ഏർപ്പെടാൻ സാധിക്കാതിരുന്നതിനാൽ, ഈ പ്രവൃത്തി നടപ്പിലാക്കുന്നതിന് കരാറുകാരൻ വിസമ്മതം അറിയിക്കുകയുണ്ടായി. ആയതിനാൽ, ടി പ്രവൃത്തി റീ-ടെൻഡർ ചെയ്യുന്ന നടപടികളുമായി മുന്നോട്ടു പോകുന്നതായി 12-03-2025-ലെ കത്ത് പ്രകാരം എസ്.പി.വി കിഫ്ബിയെ അറിയിച്ചിരുന്നു. പിന്നീട്, ഡി.എസ്.ആർ 2021 നിലവിൽ വന്നതിനെത്തുടർന്നും മേൽ സൂചിപ്പിച്ച കാന്റീൻ ബ്ലോക്ക് മറ്റു ഫണ്ടുപയോഗിച്ച് നടപ്പാക്കിയതിനാൽ, ആയത് ഒഴിവാക്കിക്കൊണ്ടും എസ്.പി.വി ആയ കിറ്റ് കോ 14.31 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി. പ്രസ്തുത തുക, കിഫ്ബി അനുവദിച്ച തുകയേക്കാൾ അധികരിച്ചതിനാൽ, കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കിയ ശേഷം സാങ്കേതികാനുമതി പുറപ്പെടുവിക്കാവുന്നതാണ് എന്ന് 05-11-2025-ൽ കൂടിയ കമ്മിറ്റി നിർദ്ദേശിക്കുകയും തദനുസരണം, പുതുക്കിയ ധനാനുമതിക്കായി കിറ്റ് കോ കിഫ്ബിയിൽ ശിപാർശ സമർപ്പിക്കുകയും ആയത് പരിശോധിച്ച ശേഷം 11-02-2026-ലെ ഉത്തരവിൻ പ്രകാരം 14.40 കോടി രൂപയുടെ പുതുക്കിയ ധനാനുമതി കിഫ്ബി നൽകുകയും ചെയ്തിട്ടുണ്ട്.

**(ബി)** പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്യുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന വിശദമാക്കാമോ?

**<u>മറുപടി:</u>** പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതി/ടെൻഡർ നടപടികൾക്കു മുൻപായി പുതുക്കിയ ഭരണാനുമതി ഉത്തരവ് ലഭ്യമാക്കുന്നതിന് എസ്.പി.വി-യ്ക്ക് കിഫ്ബി നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ, എസ്.പി.വി ഇതിനോടകം സർക്കാരിനു സമർപ്പിച്ച 26-01-2025-ലെ കത്തിന്റെ അടിസ്ഥാനത്തിൽ, സർക്കാരിൽ നിന്നും പുതുക്കിയ ഭരണാനുമതി ഉത്തരവ് ലഭ്യമാക്കിയ ശേഷം പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ എസ്.പി.വി-യ്ക്ക് സ്വീകരിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**